**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 338** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം നൗഷാദ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ ജനതയുടെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ മത്സ്യനയം പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പാരമ്പര്യമായി മത്സ്യത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മാത്രമായി കടൽ മത്സ്യബന്ധനത്തിനുള്ള അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | നവ ലിബറൽ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ആഴക്കടൽ മത്സ്യബന്ധനം സ്വദേശ, വിദേശ മൂലധന ശക്തികൾക്ക് അടിയറവ് വച്ചതായി പറയപ്പെടുന്ന നടപടി തിരുത്താൻ ആവശ്യപ്പെടുമോയെന്നറിയിക്കാമോ; | (സി) | കേന്ദ്ര സർക്കാരുകൾ വിദേശ ട്രോളറുകൾക്ക് അനുവദിച്ചിരുന്ന LOP സംസ്ഥാനങ്ങളുടെ നിരന്തര മുള്ള സമ്മർദ്ദത്തിന്റെ ഫലമായും കോടതി വിധിയുടെ പശ്ചാത്തലത്തിലും 2018 മുതൽ പിൻവലിച്ചിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനം പി.പി.പി. മോഡൽ കമ്പനികൾക്ക് നൽകാനുള്ള കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ കേരള സർക്കാർ അഭിപ്രായം അറിയിച്ചിട്ടുണ്ട്. |
| (ഡി) | ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് മത്സ്യബന്ധന രീതി നവീകരിക്കുന്നതിനും മത്സ്യസമ്പത്തിന്റെ നാശത്തിനിടയാക്കുന്ന തരത്തിലുള്ള മത്സ്യബന്ധനം തടയുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശം മത്സ്യനയത്തിൽ ഉൾക്കൊള്ളിക്കുന്നത് പരിശോധിക്കുമോ? | (ഡി) | നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കടൽ മത്സ്യബന്ധനം നവീകരിക്കാനും കടലിൽ കൂടുതൽ ദൂരങ്ങളിൽ മത്സ്യബന്ധനം നടത്താൻ മത്സ്യത്തൊഴിലാളികളെ സജ്ജമാക്കുന്ന തിനും വേണ്ട നിർദ്ദേശങ്ങൾ മത്സ്യനയത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. മത്സ്യം ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കടൽ മത്സ്യവിഭവങ്ങൾ സംരക്ഷിക്കുന്നതിനും KMFR Act 2017 ൽ ഭേദഗതി ചെയ്യുകയും ആയതനുസരിച്ചുള്ള KMFR Rule 2018 ൽ നിലവിൽ വരികയും ചെയ്തു. മത്സ്യവിഭവങ്ങളുടെ നാശത്തിന് ഇടയാക്കുന്ന തരത്തിലുള്ള മത്സ്യബന്ധനം തടയുന്നതിനായി ഫിഷ് അഗ്രഗേറ്റിംഗ് ഡിവൈസസ്, വിഷ |

| | | | |
|---|---|---|---|
| | | | പദാർത്ഥങ്ങൾ, ഡൈനാമിറ്റ്, നിശ്ചിത ശക്തിയിൽ കൂടുതൽ തീവ്രതയുള്ള പ്രകാശ സ്രോതസ്സുകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം എന്നിവ നിരോധിച്ചിട്ടുണ്ട്.  അതുപോലെ വലകളുടെ കുറഞ്ഞ കണ്ണി വലിപ്പം, പരമാവധി വലിപ്പം എന്നിവ നിഷ്കർഷിച്ചിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ